**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 806** **09-08-2023 - ൽ മറുപടിയ്ക്ക്**

**റിസ്ക് ഫണ്ട് ആനുകൂല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുത്തവർ മരണപ്പെട്ടാൽ അവർക്ക് ലഭിക്കുന്ന റിസ്ക് ഫണ്ട് ആനുകൂല്യങ്ങൾക്കുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വിശദമാക്കുമോ; | (എ) | റിസ്ക് ഫണ്ട് ധനസഹായത്തിനുള്ള അർഹതാ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. **റിസ്ക് ഫണ്ട് ബൈലോ വ്യവസ്ഥ 7 – റിസ്ക് ഫണ്ട് വിഹിതം**<br><br>വായ്പ എടുക്കുന്ന അംഗങ്ങളിൽ നിന്നും ബൈലോ വ്യവസ്ഥയ്ക്കു വിധേയമായുള്ള റിസ്ക് ഫണ്ട് വിഹിതം തുക (ഒരു വായ്പയ്ക്ക് മിനിമം 100/- രൂപയും പരമാവധി വിഹിതം തുക 2000/- രൂപയും) ഈടാക്കുകയും പ്രസ്തുത വിഹിതം തുക തൊട്ടടുത്ത മാസം 15- ാം തീയതിക്കുള്ളിൽ അടച്ചിരിക്കുകയും ചെയ്യുന്ന അംഗങ്ങൾക്കാണ് റിസ്ക് ഫണ്ട് പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നത്.<br><br>**2.റിസ്ക് ഫണ്ട് ബൈലോ വ്യവസ്ഥ 5 – വയസ്സ്**<br><br>മരണപ്പെട്ടതോ/മാരകരോഗം പിടിപ്പെട്ടതോ ആയ ആളിന്റെ പേരിലുള്ളതും, മരണപ്പെട്ട/മാരകരോഗം പിടിപ്പെട്ട തീയതിയിൽ 70 വയസ്സിൽ അധകരിക്കാത്തതുമായ വായ്പാക്കാരുടെ വായ്പകൾക്ക് മാത്രമാണ് മരണാനന്തര ആനുകൂല്യം/ചികിത്സാ ധനസഹായം എന്നിവ ലഭിക്കുന്നത്.<br><br>**3. റിസ്ക് ഫണ്ട് ബൈലോ വ്യവസ്ഥ 4(ബി) – കുടിശ്ശിക/കാലാവധി**<br><br>വായ്പാകാലാവധിയിൽ വായ്പാക്കാരൻ മരണപ്പെട്ടാൽ മരണപ്പെട്ട തീയതിയിൽ തവണ അടയ്ക്കേണ്ട തീയതി മുതൽ 6 മാസത്തിൽ അധികരിച്ചും, വായ്പാ കാലാവധി തീരുന്ന തീയതിയ്ക്ക് തൊട്ടുമുമ്പ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും വായ്പാ മുതലിൽ തിരിച്ചടവിൽ കുടിശ്ശിക വരുത്തിയാൽ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല. |

**4.<u>റിസ്ക് ഫണ്ട് ബൈലോ വ്യവസ്ഥ 4(ഡി) – മാരകരോഗം</u>**

30.03.2012 ന് ശേഷം വായ്പയെടുത്ത വായ്പാക്കാരന് മാരകരോഗം പിടിപെടുകയും വായ്പാ ബാദ്ധ്യതകൾ തീർക്കാൻ കഴിയാതെ വരികയും ചെയ്യുന്ന കേസ്സുകളിൽ ഈ പദ്ധതിയിലെ ഇതര നിബന്ധനകൾക്ക് വിധേയമായി ചികിത്സാ ധനസഹായം നല്കുന്നു. ഇപ്രകാരം ധനസഹായം ലഭിച്ച വായ്പാക്കാരൻ മരണപ്പെടുകയാണെങ്കിൽ നിബന്ധന 4(എ) പ്രകാരം അർഹതയുള്ള ധനസഹായത്തിൽ നിന്നും ലഭിച്ച ആനുകൂല്യം കിഴിച്ച് ബാക്കി സംഖ്യയ്ക്ക് മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളൂ.

**<u>നടപടി ക്രമങ്ങൾ</u>**

1) ഒരു വായ്പാക്കാരൻ മരണമടഞ്ഞാൽ അനന്തരാവകാശി ബന്ധപ്പെട്ട സഹകരണ സംഘത്തിന് അപേക്ഷ നല്കണം. അപേക്ഷയോടൊപ്പം വായ്പാക്കാരന്റെ മരണ സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട അധികാരിയിൽ നിന്നും വാങ്ങി ഹാജരാക്കണം.

2) റിസ്ക് ഫണ്ട് ധനസഹായത്തിനുള്ള അപേക്ഷ ലഭിച്ചു കഴിഞ്ഞാൽ, ഒരു മാസത്തിനകം സംഘം ഭരണസമിതി പ്രസ്തുത അപേക്ഷ പരിശോധിച്ച് അർഹതയുള്ളവയാണെങ്കിൽ ശുപാർശ ചെയ്തുകൊണ്ടുള്ള തീരുമാനമെടുത്ത് പദ്ധതിയിൽ നിഷ്കർഷിച്ചിട്ടുള്ള രേഖകളോടൊപ്പം കമ്മിറ്റി തീരുമാനപകർപ്പും അനുബന്ധരേഖകളും അപേക്ഷ സഹിതം ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ന്റെ ശുപാർശയ്ക്കായി നല്കി വ്യക്തമായ ശുപാർശ സഹിതം 15 ദിവസത്തിനകം ബോർഡ് സെക്രട്ടറിയ്ക്ക് സമർപ്പിക്കേണ്ടതാണ്. സംസ്ഥാന, ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നുള്ള അപേക്ഷകളിൽ ജോയിന്റ് രജിസ്ട്രാർ/കൺകറണ്ട് ആഡിറ്ററുടെ ശുപാർശയും, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളിൽ നിന്നുള്ള അപേക്ഷകളിൽ അസിസ്റ്റന്റ് രജിസ്ട്രാർ/ വാല്യുവേഷൻ ആഫീസറുടെ ശുപാർശയും ഉള്ളടക്കം ചെയ്യേണ്ടതാണ്.

അസിസ്റ്റന്റ് രജിസ്ട്രാർ/മാനേജരുടെയും ജോയിന്റ് രജിസ്ട്രാർ/സെക്രട്ടറിയുടെയും പരിശോധനാ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ അർഹതയുള്ള അപേക്ഷകളിൽ ബോർഡ് സെക്രട്ടറിയാണ് ധനസഹായം അനുവദിക്കുന്നത്. ധനസഹായം

| | | | |
|---|---|---|---|
| | | | അനുവദിച്ചു കഴിഞ്ഞാൽ പ്രസ്തുത തുക ബന്ധപ്പെട്ട സംഘത്തിന് ട്രാൻസ്ഫർ ചെയ്തു നല്കേണ്ടതാണ്. അതോടൊപ്പം തന്നെ ബന്ധപ്പെട്ട അനന്തരാവകാശിയെയും അറിയിക്കേണ്ടതാണ്. അപ്രകാരം ട്രാൻസ്ഫർ ചെയ്തു ലഭിക്കുന്ന തുക ബന്ധപ്പെട്ട വായ്പാകണക്കിലേക്ക് അടവാക്കി ബാങ്ക്/ സംഘം വിനിയോഗ സർട്ടിഫിക്കറ്റ് തൊട്ടടുത്ത മാസം 15-ാം തീയതിക്കുള്ളിൽ ബോർഡിലേക്ക് അയച്ചുതരേണ്ടതാണെന്ന് റിസ്ക് ഫണ്ട് നിയമാവലിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) | റിസ്ക് ഫണ്ടിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ നല്കിയിട്ട് യഥാസമയം ആശ്വാസം ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കുന്നതിനായി ലഭിച്ച ചില അപേക്ഷകൾ തീരുമാനമെടുക്കാതെ കുടിശികയുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അർഹതപ്പെട്ടവർക്ക് ആനുകൂല്യം സമയബന്ധിതമായി അനുവദിക്കുന്നതിന് കർശന നിർദ്ദേശം നൽകുന്നതാണ്. |
| (സി) | റിസ്ക് ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച് സമയപരിധി നിലവിലുണ്ടോ എന്ന് വിശദമാക്കുമോ; | (സി) | ബോർഡിൽ നിന്നും റിസ്ക് ഫണ്ട് ധനസഹായം അനുവദിക്കുന്നതിനായി സമയപരിധി, നിയമാവലിയിൽ വ്യവസ്ഥ ചെയ്തിട്ടില്ല |
| (ഡി) | ലോണെടുത്തവർ മരണപ്പെട്ടാൽ റിസ്ക് ഫണ്ട് ആനുകൂല്യത്തിന് അർഹതയുണ്ടോ എന്നത് സംബന്ധിച്ച് ബാങ്ക് തീരുമാനമെടുക്കുന്നതിന്റെ കാലയളവിന് പരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | ഒരു വായ്പാക്കാരൻ മരണമടഞ്ഞാൽ അനന്തരാവകാശി ബന്ധപ്പെട്ട സഹകരണ ബാങ്ക്/ സംഘത്തിന് അപേക്ഷയോടൊപ്പം വായ്പാക്കാരന്റെ മരണ സർട്ടിഫിക്കറ്റ്, വയസ്സ് തെളിയിക്കുന്ന രേഖ ഉൾപ്പെടെ അപേക്ഷ നല്കണം. റിസ്ക് ഫണ്ട് ധനസഹായത്തിനുള്ള അപേക്ഷ ബാങ്കിൽ ലഭിച്ചു കഴിഞ്ഞാൽ, ഒരു മാസത്തിനകം സംഘം ഭരണസമിതി പ്രസ്തുത അപേക്ഷ പരിശോധിച്ച് അർഹതയുള്ളവയാണെങ്കിൽ ശുപാർശ ചെയ്തുകൊണ്ടുള്ള തീരുമാനമെടുത്ത് പദ്ധതിയിൽ നിഷ്കർഷിച്ചിട്ടുള്ള രേഖകളോടൊപ്പം കമ്മിറ്റി തീരുമാനപകർപ്പും അനുബന്ധരേഖകളും അപേക്ഷ സഹിതം ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ന്റെ ശുപാർശയ്ക്കായി നല്കി വ്യക്തമായ ശുപാർശ സഹിതം 15 ദിവസത്തിനകം ബോർഡ് സെക്രട്ടറിയ്ക്ക് സമർപ്പിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ